സ.ഉ.(സാധാ) നം.893/2023/LSGD

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് - കുടുംബശ്രീ - ജീവനക്കാര്യം - ശ്രീ. സുർജിത് എം, സെക്രട്ടറി, പയ്യന്നൂർ ബ്ലോക്ക് പഞ്ചായത്ത്, കണ്ണൂർ-ന് കുടുംബശ്രീ കണ്ണൂർ ജില്ലാ മിഷൻ കോ-ഓർഡിനേറ്ററായി അന്യത്ര സേവന കാലാവധി ദീർഘിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശസ്വയംഭരണ (ഐഎ) വകുപ്പ്**

സ.ഉ.(സാധാ) നം.893/2023/LSGD തീയതി,തിരുവനന്തപുരം, 18-04-2023

പരാമർശം:-
1. 10.05.2013 തീയതിയിലെ 42/2013/ധന നമ്പർ ഉത്തരവ്.
2. 28.11.2013 തീയതിയിലെ സ.ഉ (പി) നം. 580/2013/ധന
3. കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 08.02.2023, 27.03.2023 എന്നീ തീയതിയിലെ 11080/ഇ1/2018/കെ.എസ്.എച്ച്.ഒ നമ്പർ കത്ത്.

**ഉത്തരവ്**

ശ്രീ. സുർജിത് എം., സെക്രട്ടറി, പയ്യന്നൂർ ബ്ലോക്ക് പഞ്ചായത്ത്, കണ്ണൂർ-ന് കുടുംബശ്രീ കണ്ണൂർ ജില്ലാ മിഷൻ കോ-ഓർഡിനേറ്ററായി അന്യത്ര സേവന കാലാവധി 14.11.2022 മുതൽ ഒരു വർഷത്തേയ്ക്ക് കൂടി ദീർഘിപ്പിക്കുന്നതിന് പരാമർശം (3)-ലെ കത്ത് പ്രകാരം കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ സർക്കാരിനോട് അഭ്യർത്ഥിക്കുകയുണ്ടായി.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ശ്രീ. സുർജിത് എം., സെക്രട്ടറി, പയ്യന്നൂർ ബ്ലോക്ക് പഞ്ചായത്ത്, കണ്ണൂർ-ന് കുടുംബശ്രീ കണ്ണൂർ ജില്ലാ മിഷൻ കോ-ഓർഡിനേറ്ററായി അന്യത്ര സേവന കാലാവധി കേരള സർവ്വീസസ് റൂൾസ് ഭാഗം-I ചട്ടം 140 (സി) പ്രകാരമുള്ള വ്യവസ്ഥകൾക്കും പരാമർശം (1) സർക്കുലറിലെയും പരാമർശം (2) ഉത്തരവിലെയും മാനദണ്ഡങ്ങൾക്കും വിധേയമായി 14.11.2022 മുതൽ ഒരു വർഷത്തേയ്ക്ക് കൂടി ദീർഘിപ്പിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ലീന എൻ പി
ജോയിന്റ് സെക്രട്ടറി

എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ, തിരുവനന്തപുരം.
ശ്രീ. സുർജിത് എം., സെക്രട്ടറി, പയ്യന്നൂർ ബ്ലോക്ക് പഞ്ചായത്ത്, കണ്ണൂർ
(കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ മുഖേന)
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ്ജനറൽ (ഇ&ആർ.എസ്.എ/ജി&എസ്.എസ്.എ) കേരള, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
കരുതൽ ഫയൽ/ഓഫീസ് കോപ്പി (File No. IA1/150/2023-LSGD)